20127
14/12/16

കേരള സർക്കാർ

സംഗ്രഹം

വനം-വന്യജീവി വകുപ്പ് - നിലമ്പൂർ നോർത്ത് ഡിവിഷൻ-എടവണ്ണ റെയിഞ്ച് തിരൂരങ്ങാടി താലൂക്ക്-കണ്ണമംഗലം വില്ലേജ് റീസർവ്വെ നമ്പർ 119, 120/01 ൽപ്പെട്ടതായ സ്ഥലത്തു നടന്ന കൂട്ട മരംമുറി-സർവ്വശ്രീ.പി.കെ ആസിഫ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വി.സജികുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് എന്നിവർ സമർപ്പിച്ച അപ്പീൽ നിരസിച്ചുകൊണ്ട്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ. (സാധാ) നം.458/2016/വനം — തീയതി, തിരുവനന്തപുരം, 30.11.2016

പരാമർശം:-

1) 16.11.2001 ലെ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (വിജിലൻസ്) ന്റെ വിഇ 4-5431/2001 നമ്പർ കത്ത്

2) ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ 26.10.2005 ലെ ബി5-36585/01 നമ്പർ കുറ്റപത്രവും കുറ്റരോപണ പത്രികയും

3) ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ 22.09.2008 ലെ ബി5-36585/01 നമ്പർ കുറ്റപത്രവും കുറ്റരോപണ പത്രികയും

4) 03.11.2008 ൽ ശ്രീ.പി.കെ.ആസിഫ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദ പത്രിക

5) ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ 27.01.2009 ലെ ബി5-36585/01 നമ്പർ കാരണം കാണിക്കൽ നോട്ടീസ്

6) ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ 06.03.2009 ലെ ബി5-36585/01 നമ്പർ ഉത്തരവ്

7) 15.05.2006 ൽ ശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച പ്രതിവാദ പത്രിക

8) ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ 05.04.2008 ലെ ബി5-36585/01 നമ്പർ ഉത്തരവ്

9) ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ 24.05.2008 ലെ ബി5-36585/01 നമ്പർ കാരണം കാണിക്കൽ നോട്ടീസ്

10) ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ 25.07.2008 ലെ ബി5-36585/01 നമ്പർ ഉത്തരവ്

11) 28.05.2012 ൽ ശ്രീ.പി.കെ.ആസിഫ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് സമർപ്പിച്ച അപ്പീൽ

12) 29.05.2012 ൽ ശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് സമർപ്പിച്ച അപ്പീൽ

13) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 13.09.2012 ലെ ബി5-36585/01 നമ്പർ ഉത്തരവ്

14) 13.10.2012 ൽ ശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സർക്കാരിന് സമർപ്പിച്ച അപ്പീൽ

15) 31.10.2012 ൽ ശ്രീ.പി.കെ.ആസിഫ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സർക്കാരിന് സമർപ്പിച്ച അപ്പീൽ

16) 09.07.2013 ലെ 132/എ 1/2013/വനം നമ്പർ സർക്കാർ കത്ത്

17) 07.06.2014 ൽ ശ്രീ.പി.കെ.ആസിഫ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് എന്നിവർ സർക്കാരിന് സമർപ്പിച്ച അപ്പീൽ

18) 29.09.2014 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഡി&പി) യുടെ ബി5-36585/01 നമ്പർ കത്ത്

19) 16.02.2015 ലെ 7019/എ 1/2014/വനം നമ്പർ സർക്കാർ കത്ത്

20) 20.03.2015 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ ബി5-36585/01 നമ്പർ കത്ത്

21) 05.01.2016 ലെ 7019/എ 1/2014/വനം നമ്പർ സർക്കാർ കത്ത്

22) 06.10.2016 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ AI (1)294/16/GW നമ്പർ കത്ത്

**<u>ഉത്തരവ്</u>**

നിലമ്പൂർ നോർത്ത് ഡിവിഷന്റെ എടവണ്ണ റെയിഞ്ചിലെ കൊട്ടുമ്പുഴ സ്റ്റേഷന്റെ പരിധിയിൽപ്പെട്ടതും, മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിൽ കണ്ണമംഗലം വില്ലേജിൽപ്പെട്ടതുമായ റീ സർവ്വേ നം.119, 120/01 നമ്പരായുള്ള ഉദ്ദേശം 70 ഏക്കർ സ്ഥലത്തു നിന്നും വൻതോതിൽ മരംമുറി നടക്കുന്നുണ്ടെന്ന പരാതി ലഭിച്ചതിനെത്തുടർന്ന് വിജിലൻസ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ അച്ചടക്ക നടപടിയ്ക്ക് ശുപാർശ ചെയ്തുകൊണ്ട് പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.വി.സജികുമാർ, ശ്രീ.പി.കെ.ആസിഫ് എന്നിവർക്ക് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) പരാമർശം (2), (3) പ്രകാരം കഠിന ശിക്ഷയ്ക്ക് കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

ശ്രീ.വിസജികുമാറിനെതിരെയുള്ള ചാർജ്ജുകൾ ചുവടെ പറയുന്നവയാണ്

1) നിലമ്പൂർ നോർത്ത് ഡിവിഷനിലെ എടവണ്ണ റെയിഞ്ചിന്റെ പരിധിയിൽപ്പെട്ടതും, തിരൂരങ്ങാടി താലൂക്കിൽ കണ്ണമംഗലം വില്ലേജിൽ റീ സർവ്വേ നം.119, 120/01 എന്നിവയിൽപ്പെട്ടതുമായ

ഉദ്ദേശം 70 ഏക്കർ നിക്ഷിപ്തവനം, വിട്ടു പോയ നിക്ഷിപ്തവനമായി കണ്ടെത്തുന്നതിനും, പരസ്യപ്പെടുത്തുന്നതിനും ടിയാൻ പരാജയപ്പെട്ടിരിക്കുന്നു. ഇത്തരം സ്ഥലങ്ങൾ കണ്ടു പിടിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും അവ കണ്ടു പിടിക്കുന്നതിനോ ടി ഭൂമിയിൽ നിന്നും അനധികൃതമായി മരങ്ങൾ മുറിച്ച് നീക്കുന്നത് തടയുന്നതിനും നടപടികൾ സ്വീകരിക്കുന്നതിലും പരാജയപ്പെട്ടിരിക്കുന്നു.

2) മേൽ നടപടികൾ മൂലം സർക്കാർ സ്ഥലം സംരക്ഷിക്കുന്നതിനുള്ള കൃത്യവിലോപം, കുറ്റകരമായ അനാസ്ഥ, മരങ്ങൾ മുറിച്ച് നീക്കം ചെയ്യുക വഴിയുള്ള സർക്കാർ നഷ്ടം, സർക്കാർ ഭൂമി കൃത്രിമരേഖകൾ ഉണ്ടാക്കി കൈവശപ്പെടുത്തുന്നതിന് കൂട്ടു നിൽക്കുക എന്നീ കുറ്റങ്ങൾ ചെയ്തിരിക്കുന്നു.

ശ്രീ.പി.കെ.ആസിഫിനെതിരെയുള്ള ചാർജ്ജുകൾ ചുവടെ പറയുന്നവയാണ്.

1) നിലമ്പൂർ നോർത്ത് ഡിവിഷനിലെ എടവണ്ണ റെയിഞ്ചിന്റെ പരിധിയിൽപ്പെട്ടതും, തിരൂരങ്ങാടി താലൂക്കിൽ കണ്ണമംഗലം വില്ലേജിൽപ്പെട്ടതുമായ 119, 120/01 എന്നീ റീ സർവ്വേ നമ്പരുകളിൽപ്പെട്ടതുമായ ഉദ്ദേശം 70 ഏക്കർ വനം, നിക്ഷിപ്തവനമായി വിജ്ഞാപനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതിന് വീഴ്ച വരുത്തി.

2) നിക്ഷിപ്തവനമായി വിജ്ഞാപനം ചെയ്യുവാൻ വിട്ടുപോയിട്ടുള്ള നിക്ഷിപ്തവനം (Omitted to be notified as vested forests) കണ്ടെത്തി വിജ്ഞാപനം ചെയ്യുവാൻ നടപടി സ്വീകരിക്കണമെന്ന മേലധികാരികളുടെ നിർദ്ദേശം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തി.

പ്രസ്തുത കുറ്റപത്രത്തിന് കുറ്റാരോപിതനായ റെയിഞ്ചാഫീസർ ശ്രീ.പി.കെ.ആസിഫ് കൈപ്പറ്റം പരാമർശം (4) പ്രകാരം പ്രതിവാദ പത്രികയും സമർപ്പിച്ചു. കുറ്റപത്രത്തിലെ കുറ്റങ്ങളെല്ലാം തന്നെ ശ്രീ.പി.കെ.ആസിഫ് അംഗീകരിക്കുന്നതായി പ്രതിവാദ പത്രികയിൽ രേഖപ്പെടുത്തി. കഠിനശിക്ഷയ്ക്ക് കുറ്റപത്രം നൽകിയ കേസ്സിൽ കുറ്റാരോപിതനായ റെയിഞ്ചാഫീസർ ശ്രീ.പി.കെ ആസിഫ് കുറ്റങ്ങളെല്ലാം സമ്മതിച്ചിട്ടുള്ളതിനാൽ ടിയാനെതിരെ കേരളാ സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) 15-ാം ചട്ടപ്രകാരം നിഷ്കർഷിക്കുന്ന ഔപചാരികാന്വേഷണത്തിന്റെ ആവശ്യകത ഇല്ലായെന്ന് കണ്ടെത്തുകയും എന്നാൽ സ്വാഭാവിക നീതി ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ടിയാനെ 26.12.2008 ന് ഭരണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മുഖദാവിൽ കേൾക്കുകയുമുണ്ടായി. പ്രസ്തുത വേളയിൽ, ടിയാനെതിരെ ചാർത്തപ്പെട്ട കുറ്റങ്ങളെല്ലാം തന്നെ അംഗീകരിച്ചതായും, ആയതിനുള്ള ശിക്ഷ അംഗീകരിക്കാമെന്നും ടിയാൻ ഭരണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മുമ്പാകെ മൊഴി നൽകുകയുണ്ടായി. നേരിൽ കേട്ടതിൽ, കുറ്റാരോപിതനായ റെയിഞ്ചാഫീസർ ശ്രീ.പി.കെ.ആസിഫിനെതിരെയുള്ള കുറ്റങ്ങളെല്ലാം ടിയാൻ സമ്മതിച്ചിട്ടുള്ളതിനാൽ പ്രസ്തുത കുറ്റങ്ങളെല്ലാം തെളിഞ്ഞിട്ടുള്ളതായി ബോധ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ, റെയിഞ്ചാഫീസർ ശ്രീ.പി.കെ.ആസിഫിന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞുവയ്ക്കുക എന്ന ശിക്ഷ നൽകുന്നതിന് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് റെയിഞ്ചാഫീസർ ശ്രീ.പി.കെ.ആസിഫ് വിശദീകരണം സമർപ്പിക്കുകയുണ്ടായി. കുറ്റപത്രത്തിന് ടിയാൻ സമർപ്പിച്ചിട്ടുള്ള പ്രതിവാദ പത്രികയ്ക്ക് ഉപരിയായി കാതലായ മറ്റു സംഗതികളോ, തെളിവുകളോ ഒന്നും തന്നെ ടിയാൻ വിശദീകരണത്തിൽ ഉന്നയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ കാരണം കാണിക്കൽ നോട്ടീസിൽ നിർദ്ദേശിച്ചിട്ടുള്ള ശിക്ഷയിൽ യാതൊരു ഭേദഗതിയും

ആവശ്യമില്ലായെന്ന് ബോധ്യപ്പെട്ടു. ആകയാൽ കാരണം കാണിക്കൽ നോട്ടീസിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം, റെയിഞ്ചാഫീസർ ശ്രീ.പി.കെ.ആസിഫിന്റെ 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടയുക' എന്ന ശിക്ഷ നൽകി ടിയാനെതിരെയുള്ള അച്ചടക്ക ശിക്ഷണ നടപടി പരാമർശം (6) പ്രകാരം ഭരണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തീർപ്പാക്കി.

കുറ്റപത്രത്തിന് ശ്രീ.വി.സജികുമാർ പരാമർശം (7) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രിക ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) പരിശോധിക്കുകയുണ്ടായി. ടി കേസ്സിൽ കൂടുതൽ തെളിവ് ശേഖരിക്കുന്നതിനും, കുറ്റാരോപിതർക്ക് തങ്ങളുടെ നിരപരാധിത്വം തെളിയിക്കപ്പെടുന്നതിനുമായി ഒപചാരികാന്വേഷണം നടത്തുന്നതിന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) പരാമർശം (8) പ്രകാരം ഉത്തരവായി.

റെയിഞ്ചാഫീസർ ശ്രീ.വി.സജികുമാറിനെതിരെ കുറ്റപത്രത്തിലെ ഒന്നാം ചാർജ്ജിലെ 'മരം മുറി തടയുന്നതിൽ പരാജയപ്പെട്ടു' എന്ന ഭാഗം തെളിഞ്ഞിട്ടുള്ളതാണെന്ന് അന്വേഷണാധികാരി കണ്ടെത്തി.

മരം മുറിതടയുന്നതിൽ പരാജയപ്പെട്ടു എന്ന ചാർജ്ജ് തെളിയിക്കപ്പെട്ടതിനാൽ റെയിഞ്ചാഫീസർ ശ്രീ.വി.സജികുമാറിനെതിരെയുള്ള രണ്ടാം ചാർജ്ജിന്റെ ഭാഗമായ 'കുറ്റകരമായ അനാസ്ഥ' എന്നതും തെളിഞ്ഞിട്ടുള്ളതാണെന്ന് നിസ്സംശയം നിർണ്ണയിക്കപ്പെട്ടു.

കുറ്റാരോപിതനായ റെയിഞ്ചാഫീസർക്കെതിരെയുള്ള രണ്ട് ചാർജ്ജുകളും ഭാഗികമായി തെളിഞ്ഞതായി നിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ റെയിഞ്ചാഫീസർ ശ്രീ.വി.സജികുമാറിന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞു വയ്ക്കുക എന്ന ശിക്ഷ നൽകാൻ താൽക്കാലികമായി തീരുമാനിച്ചു കൊണ്ട് റെയിഞ്ചാഫീസർ ശ്രീ.വി.സജികുമാറിന് പരാമർശം (9) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി.

കാരണം കാണിക്കൽ നോട്ടീസിന് റെയിഞ്ചാഫീസർ ശ്രീ.വി.സജികുമാർ സമർപ്പിച്ച മറുപടി, ബന്ധപ്പെട്ട റിക്കാർഡുകളുമായി വിശദമായി പരിശോധിച്ചതിൽ ടിയാൻ നൽകിയ പ്രതിവാദ പത്രികയിൽ വാദിച്ചതിൽ കൂടുതലൊന്നും തന്നെ ടിയാൻ കാരണം കാണിക്കൽ നോട്ടീസിനുള്ള വിശദീകരണത്തിന്മേൽ ബോധിപ്പിച്ചിട്ടില്ല. പരാമർശ സ്ഥലം നിക്ഷിപ്തവനമായി വിജ്ഞാപനം ചെയ്യിച്ചതും, സർവ്വേ, ജണ്ട നിർമ്മാണം എന്നിവ നടത്തിയതും താനാണെന്ന ശ്രീ.വി.സജികുമാറിന്റെ നിലപാട്, മരംമുറി നടന്നതിനു ശേഷം മാത്രമാണെന്ന വസ്തുത നിലനിൽക്കുന്നു. മാത്രവുമല്ല, കുറ്റകൃത്യം നടന്നു എന്നതാണ് വിജ്ഞാപനത്തിന് വഴി തെളിച്ചത്.

മേൽ സാഹചര്യത്തിൽ, കാരണം കാണിക്കൽ നോട്ടീസിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം റെയിഞ്ചാഫീസർ ശ്രീ.വി.സജികുമാറിന്റെ 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടയുക' എന്ന ശിക്ഷ നൽകി ടിയാനെതിരെയുള്ള അച്ചടക്ക നടപടി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം ( 10) പ്രകാരം തീർപ്പാക്കി.

സർവ്വശ്രീ.പി.കെ.ആസിഫും, വി.സജികുമാറും യഥാക്രമം 28.05.2012, 29.05.2012 തീയതികളിൽ പരാമർശം (11), (12) പ്രകാരം അപ്പീലുകൾ സമർപ്പിച്ചു

അപ്പീലുകൾ പരിശോധിച്ചതിൽ ഉത്തരവുകൾ കൈപ്പറ്റി മൂന്ന് വർഷങ്ങൾ കഴിഞ്ഞാണ് ടിയാന്മാർ അപ്പീൽ സമർപ്പിച്ചിട്ടുള്ളത് എന്ന് കണ്ടെത്തി. കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) റൂൾസ് 1960-ലെ 25-ാം ചട്ട പ്രകാരം, ഉത്തരവ് കൈപ്പറ്റി രണ്ട് മാസങ്ങൾക്കുള്ളിൽ അപ്പീൽ അപേക്ഷ സമർപ്പിക്കണമെന്നിരിക്കെ അപ്പീൽ

സമർപ്പിക്കുന്നതിന് ഉണ്ടായ കാലതാമസത്തിന് ടിയാന്മാർ രേഖപ്പെടുത്തിയിട്ടുള്ള കാരണങ്ങൾ അംഗീകാരയോഗ്യമായി കണ്ടില്ല.

അപ്പീൽ അപേക്ഷകൾ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസത്തിനുള്ള കാരണങ്ങളായി അപേക്ഷകർ രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകൾ ഇത്രയേറെ ദീർഘമായ കാലതാമസം ഉണ്ടായതിനെ ന്യായീകരിക്കുന്നതിന് പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) റൂൾസ് 1960 പ്രകാരം അത് പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരായ ശ്രീ.പി.കെ.ആസിഫ്, ശ്രീ.വി.സജികുമാർ എന്നിവർ സമർപ്പിച്ച അപ്പീലുകൾ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരാമർശം (13) പ്രകാരം നിരസിച്ചു.

സർവ്വശ്രീ.പി.കെ.ആസിഫും, വി.സജികുമാറും ബഹു.വനംവകുപ്പ് മന്ത്രിക്ക്, പരാമർശം (14), (15) പ്രകാരം നിവേദനങ്ങൾ സമർപ്പിച്ചു. 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ പ്രകാരം യഥാസമയം അപ്പീൽ സമർപ്പിക്കാത്തതിനാൽ ടിയാന്മാരുടെ നിവേദനങ്ങൾ പരാമർശം (16) പ്രകാരം നിരസിക്കപ്പെട്ടു. എന്നാൽ വീണ്ടും ടിയാന്മാർ സർക്കാരിന് പരാമർശം (17) പ്രകാരം അപ്പീലുകൾ സമർപ്പിക്കുകയുണ്ടായി. അപ്പീലുകളിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഡി&പി) തന്റെ അഭിപ്രായം പരാമർശം (18) പ്രകാരം അറിയിക്കുകയുണ്ടായി.

ശ്രീ.പി.കെ.ആസിഫ് തനിക്കെതിരെയുള്ള എല്ലാ കുറ്റങ്ങളും സമ്മതിച്ചതിനാൽ ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് 09.03.2009 ൽ ഉത്തരവായി. ഈ ഉത്തരവിനെതിരെ ടിയാൻ അപ്പീൽ സമർപ്പിക്കണമെങ്കിൽ 10.05.2009 ന് മുമ്പ് നൽകേണ്ടതായിരുന്നു. എന്നാൽ ടിയാൻ 28.05.2012 ൽ മാത്രമാണ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന് അപ്പീൽ സമർപ്പിച്ചതെന്നും ഔദ്യോഗികമായ തിരക്കുകൾ മൂലമാണ് അപ്പീൽ സമർപ്പിക്കാൻ കാലതാമസമുണ്ടായതെന്നും ടിയാൻ വാദിക്കുകയുണ്ടായെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഡി&പി) റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ശ്രീ.വി.സജികുമാറിനെതിരെയുള്ള അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫല പ്രാബല്യത്തോടെ തടഞ്ഞു കൊണ്ട് 25.07.2008 ൽ ഉത്തരവായി. ടിയാൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നത് 29.05.2012 ൽ മാത്രമാണ്. അപ്പീൽ സമർപ്പിക്കാൻ മൂന്നരവർഷത്തെ കാലതാമസമുണ്ടായി. ടിയാനും ഔദ്യോഗിക തിരക്കു മൂലമാണ് അപ്പീൽ സമർപ്പിക്കാൻ കാലതാമസമുണ്ടായതെന്ന് വാദിച്ചു

നീണ്ട കാലതാമസത്തിന് സർവ്വശ്രീ.സജികുമാറും, പി.കെ.ആസിഫും സമർപ്പിച്ച കാരണങ്ങൾ തൃപ്തികരമല്ലാത്തതിനാൽ ടിയാന്മാരുടെ അപ്പീലുകൾ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ 13.09.2012 ൽ നിരസിച്ചു. ടിയാന്മാർ സർക്കാരിന് സമർപ്പിച്ച അപ്പീലുകളും നിരസിക്കപ്പെട്ടു. ഇപ്പോൾ സർക്കാരിന് ലഭിച്ച അപ്പീലുകളും നേരത്തെ തന്നതിന്റെ ആവർത്തനമാണ്. അപ്പീലുകൾ സമർപ്പിക്കാൻ വന്ന കാലതാമസത്തിന്റെ കാരണങ്ങൾ തൃപ്തികരമല്ലാത്തതിനാൽ അപ്പീലുകൾ നിരസിക്കാൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഡി&പി) ശുപാർശ ചെയ്യുകയുണ്ടായി.

അപ്പീലുകൾ സമർപ്പിച്ചതിലെ കാലതാമസം മാപ്പാക്കി അപ്പീൽ പരിശോധിക്കാൻ പരാമർശം (19) പ്രകാരം സർക്കാർ തീരുമാനിച്ചു. അതിൻ പ്രകാരം സർവ്വശ്രീ.പി.കെ.ആസിഫ്, വി.സജികുമാർ

എന്നിവരെ വനം വന്യജീവി വകുപ്പ് ജോയിന്റ് സെക്രട്ടറി 13.02.2015 ൽ നേരിൽ കേട്ടു. നേരിൽ കേട്ട സമയത്ത് ശ്രീ.പി.കെ.ആസിഫ്, ശ്രീ.സജികുമാർ എന്നിവർ ഉന്നയിച്ച പ്രധാന വാദങ്ങൾ ചുവടെ ചേർക്കുന്നു.

എടവണ്ണ റേഞ്ചിൽ തന്റെ ആദ്യത്തെ പോസ്റ്റിംഗ് ആയിരുന്നുവെന്നും വളരെ കുറച്ച് സമയം മാത്രമേ അവിടെ ജോലിയിലുണ്ടായിരുന്നുള്ളൂവെന്നും പരിചയ കുറവിന്റെ ആനുകൂല്യം നൽകണമെന്നും ശ്രീ.പി.കെ.ആസിഫ് അഭ്യർത്ഥിക്കുകയുണ്ടായി. നിക്ഷിപ്തവനമായി വിജ്ഞാപനം ചെയ്യുവാൻ വിട്ടുപോയ പ്രദേശം പിന്നീട് നിക്ഷിപ്തവനമായി വിജ്ഞാപനം ചെയ്യുകയുണ്ടായെന്നും, പ്രസ്തുത വിഷയത്തിൽ സർക്കാർ നഷ്ടമൊന്നും സംഭവിച്ചിട്ടില്ലായെന്നും ടിയാൻ വാദിക്കുകയുണ്ടായി. എടവണ്ണ റേഞ്ചിൽ വനം വകുപ്പിന്റെ രേഖയിൽ ഇല്ലാത്തതും അതുവരെ വനം വകുപ്പ് ഉദ്യോഗസ്ഥർ ആരും അറിയാത്തതുമായ സ്വകാര്യ ഭൂമിയിൽ നിന്ന് മരം മുറിക്കുന്നതായി അറിവ് ലഭിച്ചയുടൻ തടയുവാൻ നടപടി സ്വീകരിക്കുകയുണ്ടായെന്നും, ഇതുമായി ബന്ധപ്പെട്ട എല്ലാ തൊണ്ടിത്തടിയും, വാഹനം ഉൾപ്പെടെ കണ്ടെത്തി കസ്റ്റഡിയിൽ എടുക്കുകയും എല്ലാ പ്രതികളെയും കണ്ടെത്തി കോടതിയിൽ ഹാജരാക്കുകയും ചെയ്തത് താനാണെന്നും ശ്രീ.സജികുമാർ വാദിക്കുകയുണ്ടായി. പ്രസ്തുത സ്ഥലം സർവ്വേ ചെയ്ത് നിക്ഷിപ്തവനമായി വിജ്ഞാപനം ചെയ്തത് തന്റെ കാലയളവിലാണെന്നും ടിയാൻ സൂചിപ്പിക്കുകയുണ്ടായി. നേരിൽകേട്ട സമയത്ത് ടിയാന്മാർ സമർപ്പിച്ച വാദമുഖങ്ങളിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) തന്റെ അഭിപ്രായം സർക്കാരിനെ പരാമർശം (20) പ്രകാരം അറിയിക്കുകയുണ്ടായി.

നിലമ്പൂർ നോർത്ത് ഡിവിഷൻ എടവണ്ണ റെയിഞ്ച് തിരൂരങ്ങാടി താലൂക്ക് കണ്ണമംഗലം വില്ലേജ് റീ സർവ്വേ 119, 120/01 ൽപ്പെട്ടതുമായ ഉദ്ദേശം 70 ഏക്കർ സ്ഥലത്തു നിന്നും വൻതോതിൽ കൂട്ടമരംമുറി സംബന്ധിച്ച് പരാതി ലഭിച്ചതിനെ തുടർന്ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനായി ശുപാർശ ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ.വി.സജികുമാർ (റെയിഞ്ചോഫീസർ) ഉൾപ്പെടെയുള്ള 28 പേർക്ക് പരാമർശം (2) പ്രകാരം കഠിനശിക്ഷയുള്ള കുറ്റപത്രം നൽകുകയും, കുറ്റാരോപിതർക്ക് തങ്ങളുടെ നിരപരാധിത്വം തെളിയിക്കാനും, ടി കേസ്സിൽ കൂടുതൽ തെളിവ് ശേഖരിക്കുന്നതിനുമായി ഔപചാരികാന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തത്. ഔപചാരികാന്വേഷണ റിപ്പോർട്ട് പ്രകാരം ശ്രീ.വി.സജികുമാർ, റെയിഞ്ചോഫീസർക്ക് നൽകിയ കുറ്റപത്രത്തിലെ ഒന്നാം ചാർജ്ജിലെ മരംമുറി തടയുന്നതിൽ പരാജയപ്പെട്ടു എന്ന ഭാഗം തെളിഞ്ഞിട്ടുള്ളതാണെന്ന് അന്വേഷണാധികാരി കണ്ടെത്തിയിരുന്നു. മരംമുറി തടയുന്നതിൽ പരാജയപ്പെട്ടു എന്ന ചാർജ്ജ് തെളിയിക്കപ്പെട്ടതിനാൽ റെയിഞ്ചോഫീസർ ശ്രീ.വി.സജികുമാറിനെതിരെയുള്ള രണ്ടാം ചാർജ്ജിന്റെ ഭാഗമായ കുറ്റകരമായ അനാസ്ഥ എന്നതും തെളിഞ്ഞിട്ടുള്ളതാണ്. രണ്ട് ചാർജ്ജുകളും തെളിഞ്ഞതായി നിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ.വി.സജികുമാർ റെയിഞ്ചോഫീസറിന്റെ (ഇപ്പോൾ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ) ഒരു വാർഷിക വേതന വർദ്ധന് സഞ്ചിതഫല പ്രാബല്യത്തോടെ തടയുക എന്ന ശിക്ഷ നൽകി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) & ശിക്ഷണാധികാരി അച്ചടക്ക നടപടി പൂർത്തിയാക്കി അന്തിമ ഉത്തരവായിട്ടുള്ളത്. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 28 ഉദ്യോഗസ്ഥർക്ക് കഠിന ശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചപ്പോൾ ടി കുറ്റപത്രത്തിന് സമർപ്പിച്ച പ്രതിവാദ പത്രികകളും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ നിന്ന്

ശ്രീ.പി.കെ.ആസിഫ്, റെയിഞ്ചോഫീസർ (ഇപ്പോൾ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ) കൂടി ടി കേസിൽ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തുകയും കഠിന ശിക്ഷയുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും 22.09.2008 ൽ നൽകുകയും ചെയ്തു. മേൽ കുറ്റപത്രത്തിലെ കുറ്റാരോപണങ്ങൾ എല്ലാം തന്നെ ശ്രീ.പി.കെ.ആസിഫ് പ്രതിവാദ പത്രികയിൽ അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കഠിനശിക്ഷയുള്ള കുറ്റപത്രത്തിലെ കുറ്റങ്ങളെല്ലാം തന്നെ ടിയാൻ അംഗീകരിച്ചതുകൊണ്ട് പ്രസ്തുത വിഷയത്തിൽ ഔപചാരികാന്വേഷണം ആവശ്യമില്ലായെന്ന് കണ്ടെത്തുകയും ശ്രീ.പി.കെ.ആസിഫിന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുവയ്ക്കുക എന്ന ശിക്ഷ നൽകി പരാമർശം (6) പ്രകാരം അച്ചടക്ക നടപടി പൂർത്തിയാക്കി ഉത്തരവാകുകയുണ്ടായി.

ശ്രീ.പി.കെ.ആസിഫ്, ശ്രീ.സജികുമാർ എന്നിവർ യഥാക്രമം 28.05.2012, 29.05.2012 എന്നീ തീയതികളിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ മുമ്പാകെ സമർപ്പിച്ച അപ്പീലുകൾ സമയപരിധി കഴിഞ്ഞതിനാലും. അപ്പീലുകൾ സമർപ്പിക്കുവാനുണ്ടായ കാലതാമസത്തിന് സമർപ്പിച്ച കാരണങ്ങൾ പരിഗണനാർഹമല്ലാത്തതിനാലും നിരസിക്കുകയുണ്ടായി. 09.07.2013 ൽ സർക്കാരിൽ സമർപ്പിച്ച അപ്പീലുകളിലും ആദ്യം സമർപ്പിച്ച അപ്പീലിൽ പറഞ്ഞതിൽ കൂടുതലായി ഒന്നും തന്നെയില്ലാത്തതിനാലാണ് അതും നിരസിച്ചതായി അറിയിച്ചത്.

ശ്രീ.വി.സജികുമാറിനെതിരെയുള്ള കുറ്റാരോപണങ്ങൾ ഔപചാരികാന്വേഷണത്തിൽ തെളിഞ്ഞതിനാലും ശ്രീ.പി.കെ.ആസിഫിനെതിരെയുള്ള കുറ്റാരോപണങ്ങൾ ടിയാൻ പ്രതിവാദ പത്രികയിലും, നേരിൽ കേട്ടപ്പോഴും സമ്മതിച്ചതിനാലുമാണ് കഠിന ശിക്ഷയുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചത്.

എന്നാൽ ഈ വിഷയം സംബന്ധിച്ച കേസ് രജിസ്റ്റർ ചെയ്തത് വിജിലൻസ് വിഭാഗമാണ്. ശ്രീ.സജികുമാർ കേസിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസിൽ സർക്കാർ നഷ്ടം സംഭവിച്ചിട്ടില്ല എന്ന ടിയാന്മാരുടെ വാദം ശരിയല്ല. സംഭവത്തിനുശേഷം, ടി സ്ഥലം, വിട്ടുപോയ നിക്ഷിപ്തവനമായി നോട്ടിഫൈ ചെയ്യുകയും സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സംഭവം നടക്കുന്നതുവരെയും ഈ സ്ഥലം കണ്ടെത്തി നോട്ടിഫൈ ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ജീവനക്കാർക്ക് കഴിഞ്ഞിട്ടില്ല. കുറ്റകൃത്യം നടന്നു എന്നതാണ് വിജ്ഞാപനത്തിന് വഴി തെളിച്ചത്.

സംഭവം നടക്കുന്ന കാലയളവിൽ ശ്രീ.പി.കെ.ആസിഫിനും ശ്രീ.സജികുമാറിനും സർക്കാർ സർവ്വീസിൽ വളരെ കുറഞ്ഞ സർവ്വീസ് ദൈർഘ്യമേ ഉണ്ടായിരുന്നുള്ളൂ എന്ന വസ്തുത പരിഗണിക്കാവുന്നതാണെന്നും ശ്രീ.പി.കെ.ആസിഫ് കുറഞ്ഞ കാലയളവിൽ മാത്രമേ എടവണ്ണ റെയിഞ്ചിന്റെ ചാർജ്ജ് വഹിച്ചിരുന്നുള്ളൂവെന്ന കാര്യവും പരിഗണനാർഹമാണെന്നും എന്നാൽ ടിയാന്മാർ യഥാസമയം അപ്പീൽ ഫയൽ ചെയ്യാതിരുന്നതിന് പറഞ്ഞിട്ടുള്ള കാരണങ്ങൾ പരിഗണനാർഹമല്ലായെന്നും മേൽക്കാര്യങ്ങൾ എല്ലാം പരിഗണിച്ച് സർക്കാർ ടിയാന്മാരുടെ ഈ രണ്ടാം അപ്പീൽ റിവ്യൂ പെറ്റീഷനായി പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ് എന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ശുപാർശ ചെയ്യുകയുമുണ്ടായി.

സർക്കാർ ഈ വിഷയം ബന്ധപ്പെട്ട ഫയലുകളുമൊത്ത് പരിശോധിച്ചതിൽ സർവ്വശ്രീ. പി.കെ.ആസിഫ്, വി.സജികുമാർ എന്നിവർക്ക് നൽകിയ "ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫല പ്രാബല്യത്തോടെ തടയുക" എന്ന ശിക്ഷ ലഘൂകരിച്ച് 'ഒരു വാർഷിക വേതന

വർദ്ധനവ് സഞ്ചിത ഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടയുക' എന്ന ശിക്ഷ നൽകാവുന്നതാണെന്ന് തീരുമാനിച്ചതിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം പരാമർശം (21) പ്രകാരം ആരായുകയുണ്ടായി.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം (22) പ്രകാരം സർക്കാരിന്റെ മേൽ തീരുമാനത്തോട് വിയോജിച്ചുകൊണ്ട് അപ്രകാരം അപ്പീൽ തീർപ്പാക്കാൻ ഉപദേശിക്കുകയുണ്ടായി. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ചുവടെ ചേർക്കുന്നു.

"ശ്രീ.വി.സജികുമാറും, ശ്രീ.പി.കെ.ആസിഫും കൃത്യവിലോപവും കുറ്റകരമായ അനാസ്ഥയും കാട്ടിയിട്ടുണ്ടെന്ന് തെളിഞ്ഞിട്ടുണ്ട്. മാത്രമല്ല കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുകയും സർക്കാർ വനം അന്യാധീനപ്പെട്ടുത്തുന്നതും അവയിൽ നിന്നും മരങ്ങൾ മുറിച്ചു നീക്കുന്നതിനും പ്രസ്തുത ഉദ്യോഗസ്ഥർ പരോക്ഷമായി സഹായിച്ചു. സർക്കാരിന് നഷ്ടം വരുത്തി എന്നതിനു പുറമേ വനനശീകരണത്തെ തുടർന്നുള്ള ഭവിഷ്യത്തുകൾ മനസ്സിലാക്കി പ്രവർത്തിക്കാൻ പ്രസ്തുത ഉദ്യോഗസ്ഥർക്ക് സാധിച്ചില്ലെന്നും 'സർക്കാർ സർവ്വീസിലെ കുറഞ്ഞ സർവ്വീസ് ദൈർഘ്യം' ചെയ്ത കുറ്റത്തിന്റെ വ്യാപ്തി കുറയ്ക്കുന്നില്ലെന്നും കമ്മീഷൻ കരുതുന്നു. ശ്രീ.വി.സജികുമാറിനും, ശ്രീ.പി.കെ.ആസിഫിനും വകുപ്പുതലത്തിൽ നൽകിയ ശിക്ഷയായ 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടയുക' എന്ന ശിക്ഷ ലഘൂകരിക്കേണ്ടതില്ലെന്ന് കണ്ടെത്തിയ കമ്മീഷൻ സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് വിയോജിക്കുകയും അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്യുന്നു".

ഈ സാഹചര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം സ്വീകരിച്ചുകൊണ്ട് സർവ്വശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, പി.കെ.ആസിഫ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ പരാമർശം (17) പ്രകാരം സമർപ്പിച്ച അപ്പീൽ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
അനിൽകുമാർ.ജി
അഡീഷണൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)
ശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് } (അഡീഷണൽ പ്രിൻസിപ്പൽ കൺസർവേറ്റർ ഓഫ് ചീഫ് ഫോറസ്റ്റ്(ഭരണം) മുഖേന)
ശ്രീ.പി.കെ.ആസിഫ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ